I ഇ.ബി. XIII- കേരള നിയമസഭ/VIII-11

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ഏപ്രിൽ 3, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

**മാരകമായ രാസപദാർത്ഥങ്ങളുണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ**

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: ഭക്ഷ്യവസ്തുക്കളിലും കാർഷിക വിളകളിലും രാസപദാർത്ഥങ്ങൾ ചേർക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ചാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്.

**ക്രമപ്രശ്നം**

**സബ്മിഷൻ അനുവദിക്കുന്നത് സംബന്ധിച്ച്**

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ശ്രീ. കെ. ബി. ഗണേഷ് കുമാർ, ഭാര്യ യാമിനി തങ്കച്ചി എന്നിവരുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് ഇന്ന് പരിഗണിക്കാനായി ഒരു സബ്മിഷൻ

ചെയറിന് നൽകിയിരുന്നു. അതോടൊപ്പം മറ്റൊരു വിഷയത്തന്മേൽ ആദ്യം നൽകിയ സബ്മിഷൻ പിൻവലിക്കുകയും ചെയ്തതാണ്. എന്നാൽ ഇവിടെ ലിസ്റ്റ് ചെയ്തുവന്നിരിക്കുന്നത് ആദ്യം നൽകിയ സബ്മിഷനായതിനാൽ അത് പിൻവലിച്ച് രണ്ടാമത് നൽകിയ സബ്മിഷൻ പരിഗണിക്കണമെന്നും മുഖ്യമന്ത്രി മറുപടി പറയണമെന്നും അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ആദ്യം നൽകിയ സബ്മിഷൻ ലിസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ടാമത്തെ സബ്മിഷൻ ചെയറിന്റെ ഓഫീസിൽ എത്തിയത് വൈകിയായതിനാൽ അത് ലിസ്റ്റ് ചെയ്യാൻ സാധിക്കില്ലെങ്കിലും മുഖ്യമന്ത്രി അനുവദിച്ചാൽ സബ്മിഷൻ എടുക്കുന്ന സമയത്ത് ആദ്യത്തെ സബ്മിഷനായി ഈ വിഷയം പരിഗണിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നോട്ടീസ് ലഭിച്ചത് വൈകിയാണെങ്കിലും സബ്മിഷന് മറുപടി പറയാൻ തയ്യാറാണ്.

(തുടർന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മുഖ്യമന്ത്രി മറുപടി പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഇരിപ്പിടങ്ങളിൽനിന്ന് മുന്നോട്ടുവന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നതിനാൽ സഭാനടപടികൾ രാവിലെ 9.38–ന് നിർത്തിവയ്ക്കുകയും 10.30–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിക്കുകയും ചെയ്തു. )

## റൂളിംഗ്

മി. സ്പീക്കർ: പ്രതിപക്ഷനേതാവിന്റെ സബ്മിഷൻ പരിഗണിക്കും. മുഖ്യമന്ത്രി അതിന് മറുപടി പറയും. അടിയന്തരപ്രാധാന്യമുള്ള വിഷയങ്ങൾ സഭയിൽ കൊണ്ടുവരുന്നതിന് പ്രതിപക്ഷത്തിന് അതിന്റേതായ നടപടിക്രമ

ങ്ങളും ചിട്ടകളുമുണ്ട്. ഈ വിഷയം സബ്മിഷൻ സ്വഭാവത്തിലുള്ളതായതിനാൽ ശ്രദ്ധക്ഷണിക്കലിന് മുമ്പ് അനുവദിക്കാൻ സാധ്യമല്ല.

(പ്രതിപക്ഷനേതാവിന് സബ്മിഷൻ അവതരിപ്പിക്കാൻ അവസരം കൊടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിന് മുന്നിലും നടുത്തളത്തിനുചുറ്റും ഇരുന്ന് ബഹളം വയ്ക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തതിനാൽ ശ്രദ്ധക്ഷണിക്കലിന്റെ ബാക്കിഭാഗവും മറുപടിയും മേശപ്പുറത്ത് വയ്ക്കാൻ ചെയർ അനുമതി നൽകുകയും സബ്മിഷനുകൾ റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേക്ക് കടക്കുകയും ചെയ്തു.)

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(2) 2011-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(3) (i) 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ

(ii) 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

## റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## നിയമ നിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2013–ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ സംസാരിച്ചില്ല)

(1 എ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ

വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

113, 115, 116, 118, 119, 121, 123, 128, 129, 130, 131, 134, 135, 136, 137 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ മന്ത്രി അവതരിപ്പിച്ചു.

**117.** ഖണ്ഡം 2 (എ)-യിൽ താഴെപ്പറയുന്ന വിശദീകരണം ഉൾപ്പെടുത്തുക:

"വിശദീകരണം

ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, "ഊർജ്ജം" എന്നാൽ വൈദ്യുത ഊർജ്ജം അല്ലെങ്കിൽ മനുഷ്യന്റേയോ മൃഗത്തിന്റേയോ ശക്തിയാൽ ഉത്പാദിപ്പിക്കപ്പെടാത്തതും യാന്ത്രികമായി പ്രസരിക്കുന്ന മറ്റേതെങ്കിലും രൂപത്തിലുള്ളതുമായ ഊർജ്ജം എന്നർത്ഥമാകുന്നു"

**122.** “ ഖണ്ഡം 2 (ഡി)-യിൽ “സ്ഥാപിച്ചിട്ടുള്ള” എന്ന വാക്കിനു പകരം “സ്ഥാപിച്ചിട്ടുള്ളതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ” എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികൾ സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

140, 141, 142, 144, 145, 150, 152, 153, 154 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

**147.** “ ഖണ്ഡം 3(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ “ലിഫ്റ്റ്” എന്ന വാക്ക് കാണപ്പെടുന്നിടത്തെല്ലാം അതിനുപകരം “ലിഫ്റ്റോ എസ്കലേറ്ററോ” എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി 140-ാം നമ്പർ ഭേദഗതി സ്വീകരിച്ചു:

**140.** “: ഖണ്ഡം 3(2)-ൽ “ ഫോറത്തിൽ” എന്ന വാക്കിനു പകരം “ ഫാറത്തിൽ” എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

156, 159, 160, 162, 163 , 164, 165, 167, 169, 171, 174, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5–ാം വകുപ്പ്

177, 179, 181 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6–ാം വകുപ്പ്

182—ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7–ാം വകുപ്പ്

191—ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9–ാം വകുപ്പ്

202, 203 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

9–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10–ാം വകുപ്പ്

206, 214, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

206–ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

206.” ഖണ്ഡം 10(1)–ൽ “13–ാം വകുപ്പ് ” എന്നത് കാണപ്പെടുന്നിടത്തെല്ലാം അതിനുപകരം “ 14–ാം വകുപ്പ്” എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11–ാം വകുപ്പ്</u>

**221, 222, 224, 226** എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

220. “ ഖണ്ഡം 11 (1)–ൽ; “ 4–ാം വകുപ്പ് (6)–ാം ഉപവകുപ്പിൻ കീഴിൽ ലൈസൻസിനുള്ള അപേക്ഷ നിരസിക്കുകയോ” എന്നീ വാക്കുകൾക്ക് ശേഷം “ 10–ാം വകുപ്പ് (2)–ാം ഉപവകുപ്പ് പ്രകാരം ഉള്ള ഉത്തരവ് നൽകുകയോ” എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12–ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(229) ഖണ്ഡം 12-ൽ, '13-ാം വകുപ്പ്' എന്നതിനു പകരം '14-ാം വകുപ്പ്' എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>15-ാം വകുപ്പ്</u>

240, 241, 242, 245, 247, 248, 251 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(237) ഖണ്ഡം 15-ൽ, "13-ാം വകുപ്പിൻ കീഴിൽ" എന്നതിനുപകരം "14-ാം വകുപ്പിൻ കീഴിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>18-ാം വകുപ്പ്</u>

256-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി 256-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

(256) ഖണ്ഡം 18-ന്റെ ആരംഭത്തിൽ "(1)" എന്ന അക്കവും ചിഹ്നവും നീക്കം ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22–ാം വകുപ്പ്

262, 263 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(264) ഖണ്ഡം 22(2)(ഐ)–യിൽ "12–ാം വകുപ്പു" എന്നതിനു പകരം "13–ാം വകുപ്പു" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 22–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1–ാം വകുപ്പും പീഠികയും പേരും

111–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2013–ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2013–ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സംസാരിച്ചില്ല)

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2 (ബി) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്ര ങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

### (3) 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സംസാരിച്ചില്ല.)

ശ്രീ. എൻ. ഷംസുദ്ദീൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാര മുള്ള 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ

പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2 (ബി) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അറിയിപ്പ്

ഇന്ന് (03.04.2013) ലിസ്റ്റ് ചെയ്തിരുന്ന ശ്രീ. എം. ഉമ്മർ, എം.എൽ.എ.യുടെ ക്രമപ്രശ്നം ഏപ്രിൽ മാസം 9-ാം തീയതി പരിഗണനയ്ക്കെടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

റൂളിംഗ്

## നിയമസഭ അംഗീകരിച്ച തീരുമാനം മാറ്റാൻ സബ്ജക്ട് കമ്മിറ്റിക്ക് അധികാരമില്ല

മി. സ്പീക്കർ: 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ ഏപ്രിൽ 1-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. അന്നേദിവസം സഭ പിരിഞ്ഞതിനുശേഷം കൂടിയ സബ്ജക്ട് കമ്മിറ്റി, ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി തീരുമാനിച്ചതായി ചെയർ മനസ്സിലാക്കുന്നു. സബ്ജക്ട് കമ്മിറ്റിക്ക് വിദഗ്ദ്ധരിൽനിന്നും തെളിവെടുക്കാനും ഈ വിഷയം സംബന്ധിച്ച് പ്രത്യേക താൽപ്പര്യമുള്ള പ്രതിനിധികൾക്ക് പറയുവാനുള്ളത് കേൾക്കാനും നിയമസഭാ ചട്ടം അനുവദിക്കുന്നുണ്ട്. സഭയുടെ തീരുമാനം സബ്ജക്ട് കമ്മിറ്റി III പരിഗണിക്കണം എന്നതായിരിക്കേ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് വിടുവാൻ കമ്മിറ്റിക്ക് അധികാരമില്ല. സമിതി ചെയർമാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇത് ശ്രദ്ധിക്കേണ്ടതായിരുന്നു. ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് ചെയർ റൂൾ ചെയ്യുന്നു.

സഭ രാവിലെ 10.59-ന് പിരിഞ്ഞു.

-------